(സി) ഇല്ല.

(ഡി-എഫ്) ബാധകമല്ല.

മത്സ്യോൽപ്പന്നകയറ്റുമതിക്കാരുടെ സമരം

156 (907) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 2001 ജനുവരിയിൽ മത്സ്യോൽപ്പന്ന കയറ്റുമതിക്കാരുടെ സമരം എത്ര ദിവസം നീണ്ടു നിന്നു ;

(ബി) അവരുടെ സമരത്തിന് കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സമരം ഒഴിവാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു ;

(ഡി) ഈ സമരംമൂലം എന്തുവിലയ്ക്കുള്ള മത്സ്യം കയറ്റുമതിക്കാർ വാങ്ങാതിരുന്നിട്ടുണ്ട് ;

(ഇ) സമരത്തിന്റെ ഫലമായി കടൽത്തീരത്തു പട്ടിണി ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഈ കാലത്ത് കടൽത്തീരത്തുള്ളവർക്കും മത്സ്യത്തൊഴിലാളികൾക്കും ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കി ;

(ജി) ഈ സമരം മൂലം മീൻപിടുത്തബോട്ടുടമകൾക്ക് എന്തു നഷ്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(എച്ച്) മീൻപിടുത്തബോട്ട് തൊഴിലാളികൾക്ക് എന്തു നഷ്ടം വന്നു ;

(ഐ) ഫീഡിംഗ് ജോലിക്കാർക്ക് എന്ത് നഷ്ടമുണ്ടായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 7 ദിവസം

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ടതായ അംശാദായനിരക്ക് ഗണ്യമായി കുറയ്ക്കണമെന്നതായിരുന്നു മുഖ്യആവശ്യം.

(സി) 3-1-2001-ൽ കയറ്റുമതിക്കാരുടെ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ എബ്രഹാം കമ്മിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ കൈക്കൊള്ളാൻ പോകുന്ന നടപടികൾ വിശദീകരിക്കുകയുണ്ടായി. കയറ്റുമതിക്കാർ വരുത്തിയ കുടിശ്ശിക 40 തുല്യതവണകളായി അടയ്ക്കുവാനുള്ള സാവകാശം അനുവദിക്കുന്നതാണെന്നും അറിയിച്ചു.

(ഡി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സമരവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ജി) ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(എച്ച്) കണക്കുകൾ ലഭ്യമല്ല.

(ഐ) കണക്കുകൾ ലഭ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കാൻ ധനസഹായം

157 (909) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ ഓരോ വർഷവും എത്ര വീടുകൾ വീതം അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1736.

(ബി)

വർഷം	വീടുകൾ
1996-97	125
1997-98	512
1998-99	391
1999-2000	509
2000-2001	199

വർക്കലയിലെ കൊഞ്ചുവളർത്തൽ കേന്ദ്രം

158 (914) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കലയിൽ കൊഞ്ചുവളർത്തൽ കേന്ദ്രത്തിന് വേണ്ടി എത്ര ഏക്കർ ഭൂമി വിലയ്ക്കെടുത്തിട്ടുണ്ടെന്നും എന്തുവില നൽകിവരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പാക്കാനുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ ;

(സി) നിയമപരമായോ സാങ്കേതികമായോ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആ തടസ്സങ്ങൾ മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) തടസ്സങ്ങൾ മാറ്റാൻ സാദ്ധ്യമല്ലാത്തപക്ഷം ഈ ഭൂമിയിൽ തീരദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്ന മറ്റ് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly